# ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള 7 (ഏഴ്) നിയമാനുസൃത മാർഗ്ഗങ്ങള്
1. കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 - സെക്ഷൻ 213 (1)
ബന്ധപ്പെട്ട പഞ്ചായത്ത് പ്രദേശത്ത് അധിവസിക്കുന്ന ആളുകളുടെ രക്ഷയ്ക്കോ/ആരോഗ്യത്തിനോ/വിദ്യാഭ്യാസത്തിനോ/സൗകര്യത്തിനോ/സുഖത്തിനോ/ക്ഷേമത്തിനോ വേണ്ടിയുള്ളതോ ഉതകുന്നതോ ആയതും പഞ്ചായത്ത് ഭരണത്തിന് ആനുഷംഗികമായതുമായ കാര്യങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കാം. ഈ കാര്യങ്ങൾ പഞ്ചായത്ത് പ്രദേശത്തിനകത്ത് വച്ച് നടക്കുന്നവ ആയിരിക്കണം (സർക്കാരിന്റെ പ്രത്യേകാനുമതി ഉണ്ടെങ്കില് മാത്രം പഞ്ചായത്തിന് പുറത്ത് വെച്ചുള്ള കാര്യങ്ങൾക്കും പഞ്ചായത്ത് ഫണ്ട് ചെലവഴിക്കാം)

എ) പഞ്ചായത്തിന്റെ അനിവാര്യ ചുമതലകള്

കേരള പഞ്ചായത്ത് രാജ് ആക്ട് പട്ടിക 3 സെക്ഷന് 166(1) ബജറ്റ് വകയിരുത്തി പദ്ധതി അംഗീകാരങ്ങൾ എന്നിവയ്ക്ക് അനുസൃതമായി കെ.പി.ആർ ആക്ടിനും അതിൻകീഴില് ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി ഫണ്ട് ചെലവഴിക്കാവുന്നതാണ്

1 കെട്ടിട നിർമ്മാണം നിയന്ത്രിക്കുക കെ.പി.ആർ. ആക്ട് സെക്ഷൻ 235 (എ))
2011-ലെ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങള് 2
പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക കെ.പി.ആർ. ആക്ട് സെക്ഷൻ 170,171&279 (1) കേരള പഞ്ചായത്ത് രാജ്
(കൈയേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വെയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും)ചട്ടങ്ങൾ 1996.
(2) കേരള പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ 1996 3 പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക കെ.പി.ആർ. ആക്ട് സെക്ഷൻ 118(എം), (പി), (ആർ), (എസ്), (റ്റി), 240
(1)കേരള പഞ്ചായത്ത് രാജ് പൊതുവായതോ സ്വകാര്യമായതോ ആയ നീരുറവകൾ, കുളങ്ങള്, കിണറുകള്, മറ്റ് ജലമാർഗ്ഗങ്ങള് എന്നിവയുടെ ഉപയോഗ നിയന്ത്രണവും നിരോധനവും) ചട്ടങ്ങൾ 1996.

(2) കേരള പഞ്ചായത്ത് രാജ് (നോട്ടീസുകൾ നൽകേണ്ട രീതി) ചട്ടങ്ങൾ 1996

4 കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക കെ.പി.ആർ. ആക്ട് സെക്ഷൻ 218,219(ഐ)),219 (എസ്), (റ്റി), 240

(1)കേരള പഞ്ചായത്ത് രാജ് പൊതുവായതോ സ്വകാര്യമായതോ ആയ നീരുറവകൾ, കുളങ്ങള്, കിണറുകള്, മറ്റ് ജലമാർഗ്ഗങ്ങള് എന്നിവയുടെ ഉപയോഗ നിയന്ത്രണവും നിരോധനവും) ചട്ടങ്ങൾ 1996.

(2) കേരള പഞ്ചായത്ത് രാജ് (നോട്ടീസുകൾ നൽകേണ്ട രീതി) ചട്ടങ്ങൾ 1996

5 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക കെ.പി.ആർ. ആക്ട് സെക്ഷൻ 218,219(ഐ)) ,219 (എസ്), (റ്റി), 240

(1)കേരള പഞ്ചായത്ത് രാജ് പൊതുവായതോ സ്വകാര്യമായതോ ആയ നീരുറവകൾ, കുളങ്ങള്, കിണറുകള്, മറ്റ് ജലമാർഗ്ഗങ്ങള് എന്നിവയുടെ ഉപയോഗ നിയന്ത്രണവും നിരോധനവും) ചട്ടങ്ങൾ 1996.

(2) കേരള പഞ്ചായത്ത് രാജ് (നോട്ടീസുകൾ നൽകേണ്ട രീതി) ചട്ടങ്ങൾ 1996

6 ഖരമാലിന്യങ്ങ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക. കെ.പി.ആർ. ആക്ട് സെക്ഷൻ 219 (എ)),(ഡി), (എഫ്), (ജി),(കെ),(എം) 240

(1)കേരള പഞ്ചായത്ത് രാജ് (പൊതുകക്കൂസുകൾ, മൂത്രപ്പുരകള്, കുളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും) ചട്ടങ്ങൾ 1998

(2) കേരളാ പഞ്ചായത്ത് രാജ് പ്രവേശിക്കാനും പരിശോധന നടത്താനുമുള്ള അധികാരങ്ങക്കുള്ള നിയന്ത്രണങ്ങളും നിബന്ധനകളും) ചട്ടങ്ങൾ 1998

7 പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കി കളയുക കെ.പി.ആർ.ആക്ട് സെക്ഷൻ 219, 240 പബ്ലിക് ഹെൽത്തും ചട്ടങ്ങളും 8 പരിസ്ഥിതി ആരോഗ്യ രക്ഷകമാക്കി സംരക്ഷിക്കുക കെ.പി.ആർ.ആക്ട് സെക്ഷൻ 219, 240

(1)കേരള പഞ്ചായത്ത് രാജ് (പൊതുകക്കൂസുകൾ, മൂത്രപ്പുരകള്, കുളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും) ചട്ടങ്ങൾ 1998

(2) കേരള പഞ്ചായത്ത് രാജ് (വിജ്ഞാനമോ നോട്ടീസോ പരസ്യ പ്പെടുത്തേണ്ട രീതി) ചട്ടങ്ങൾ 1998

(3) കേരളാ പഞ്ചായത്ത് രാജ് ((പ്രവേശിക്കാനും പരിശോധന നടത്താനുമുള്ള അധികാരങ്ങൾക്കുള്ള നിയന്ത്രണങ്ങളും നിബന്ധനകളും) ചട്ടങ്ങൾ 1998

9 പൊതുമാർക്കറ്റുകള് പരിപാലി ക്കുക. കെ.പി.ആർ.ആക്ട് സെക്ഷൻ 221, 240 കേരളാ പഞ്ചായത്ത് രാജ്(പൊതുമാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ 1996 10

സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക കെ.പി.ആർ.ആക്ട് സെക്ഷൻ 226 പബ്ലിക് ഹെൽത്ത് ആക്ടും ചട്ടങ്ങളും 11 മൃഗങ്ങളുടെ കശാപ്പും, മാംസം , മത്സ്യം എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കള് എന്നിവയുടെ വിൽപ്പന മുതലായവയും നിയന്ത്രിക്കുക കെ.പി.ആർ.ആക്ട് സെക്ഷൻ 224,230,231,235 കേരളാ പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 1996 12 ഭക്ഷണശാലകളെ നിയന്ത്രിക്കുക കെ.പി.ആർ.ആക്ട് സെക്ഷൻ 232 പബ്ലിക് ഹെൽത്ത് ആക്ട് 1939 (മദ്രാസ്) അദ്ധ്യായം XII 13 ഭക്ഷണത്തില് മായം ചേർക്കുന്നത് തടയുക കെ.പി.ആർ.ആക്ട് സെക്ഷൻ 232 കേരളാ പഞ്ചായത്ത് രാജ് (ആപത്കരവും അസ ഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996 14 റോഡുകളും മറ്റ് പൊതുമുതലുകളും സംരക്ഷിക്കുക കെ.പി.ആർ.ആക്ട് സെക്ഷൻ 17,171 (1) കേരളാ പഞ്ചായത്ത് രാജ് (കരാർ)ചട്ടങ്ങൾ 1996

(2) കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997

(3) കേരളാ പഞ്ചായത്ത് രാജ് (കെയേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വെയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും ചട്ടങ്ങൾ 1996. 15 തെരുവ് വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക കെ.പി.ആർ.ആക്ട് സെക്ഷൻ 176(എ)),(ബി) സർക്കുലര് നം. 3055/ഡി.എ).3/2011/തസ്വഭവ. തിയതി. 1509.2011 16 രോഗപ്രതിരോധ നടപടികള് സ്വീകരിക്കുക കെ.പി.ആർ.ആക്ട് സെക്ഷൻ 176(എ)),(ബി) (1) കേരളാ പഞ്ചായത്ത് രാജ് (പൊതു കക്കൂസുകൾ, മൂത്രപ്പുരകള് ശുചീകരണം)ചട്ടങ്ങൾ 1998

(2) 2010 -ലെ കേരളാ പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ

(3) 1939-ലെ പബ്ലിക് ഹെൽത്ത് ആക്ട് (മദ്രാസ്) ചട്ടങ്ങളും

(4) കേരളാ പഞ്ചായത്ത് രാജ് (അനാഥ പ്രേതങ്ങളും മൃഗങ്ങളുടെ ശവശരീരങ്ങളും മറവ് ചെയ്യൽ)ചട്ടങ്ങൾ 1996 17 രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക. കെ.പി.ആർ.ആക്ട് സെക്ഷൻ (1) ട്രാവർകൂർ-കൊച്ചിൻ പബ്ലിക് ഹെല്ത്.

(2) 1939 -ലെ മദ്രാസ് പബ്ലിക ഹെൽത്ത് ആക്ടും ചട്ടങ്ങളും. 18 ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. കെ.പി.ആർ.ആക്ട് സെക്ഷൻ 19 കേരളാ പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കുവാനുമുള്ള സ്ഥലങ്ങൾ)ചട്ടങ്ങൾ 1998 കെ.പി.ആർ.ആക്ട് സെക്ഷൻ 232 മുതല് 234 വരെ 1) കേരളാ പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996

(2) കേരളാ പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ 1995
(3) കേരളാ പഞ്ചായത്ത് രാജ് (വിജ്ഞാപനമോ നോട്ടീസോ പരസ്യപ്പെടുത്തേണ്ട രീതി)ചട്ടങ്ങൾ 1996
(4) കേരളാ പഞ്ചായത്ത് രാജ് (നോട്ടീസുകൾ നൽകേണ്ട രീതി) ചട്ടങ്ങൾ 1996
(5) കേരളാ പഞ്ചായത്ത് രാജ് (പ്രവേശിക്കാനും പരിശോധിക്കാനുമുള്ള അധികാരങ്ങൾക്കുള്ള നിയന്ത്രണങ്ങളും നിബന്ധനകളും) ചട്ടങ്ങൾ 1998
(6) 1939 ലെ പബ്ലിക് ഹെൽത്ത് ആക്ട് (മദ്രാസ്)(അദ്ധ്യായം 6
(7) കേരളാ പഞ്ചായത്ത് രാജ് (കുറ്റങ്ങൾ രാജിയാക്കൽ)ചട്ടങ്ങൾ 20 ജനനവും മരണവും രജിസ്റ്റർ ചെയ്യുക കെ.പി.ആർ.ആക്ട് സെക്ഷൻ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടും 1999-ലെ ചട്ടങ്ങളും 21 കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക കെ.പി.ആർ.ആക്ട് സെക്ഷൻ 1) കേരളാ പഞ്ചായത്ത് രാജ് (പൊതുകക്കൂസുകൾ, മൂത്രപ്പുരകള്, കുളിസ്ഥലങ്ങൾ ശുചീകരണവും) ചട്ടങ്ങൾ 1998
2) കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 1997 22 കടത്തുകള് ഏർപ്പെടുത്തുക കെ.പി.ആർ.ആക്ട് സെക്ഷൻ കേരളാ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ 23 വാഹനങ്ങള് പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങള് ഏർപ്പെടുത്തുക കെ.പി.ആർ.ആക്ട് സെക്ഷൻ 227 &228 കേരളാ പഞ്ചായത്ത് രാജ് ( ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങള്, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ 1995 24 യാത്രക്കാർക്കായി വെയിറ്റിംഗ് ഷെഡുകള് നിർമ്മിക്കുക 1) കേരളാ പഞ്ചായത്ത് രാജ് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങള്, മറ്റ് വാഹനസ്റ്റാന്റുകൾ) ചട്ടങ്ങൾ 1995
2) കേരളാ പഞ്ചായത്ത് രാജ് (കരാർ ചട്ടങ്ങളും പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളും) 25 പൊതുസ്ഥലങ്ങളില് മൂത്രപ്പുരയും കക്കൂസും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക കെ.പി.ആർ. ആക്ട് സെക്ഷൻ 219 1) കേരളാ പഞ്ചായത്ത് രാജ് (പൊതുകക്കൂസുകൾ, മൂത്രപ്പുരകൾ, കുളിസ്ഥലങ്ങൾ ശുചീകരണവും) ചട്ടങ്ങൾ 1998
2) 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ചട്ടങ്ങളും 26 മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക കെ.പി.ആർ.ആക്ട് സെക്ഷൻ 218 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് (അദ്ധ്യായം 13) ചട്ടങ്ങൾ 27 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞുനടക്കുന്ന നായ്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക 1) കേരളാ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകല്) ചട്ടങ്ങൾ 1998.
2) 1939 ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ചട്ടങ്ങളും / ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്. .

.

ബി പൊതുവായ ചുമതലകൾ

1 അവശ്യസ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2 സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളില് ഭാഗഭാക്കുകളാക്കുകയും ചെയ്യുക.
3 മിതവ്യയം ശീലിക്കുന്നതിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക
4 മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിംകൾക്കെതിരെ ബോധവത്കരണം.
5 വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
6 പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങള് സംഘടിപ്പിക്കുക.
7 പരിസ്ഥിതി സംബന്ധിച്ച ബോധവത്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തന പരിപാടികൾക്ക് പ്രേരണ നൽകുകയും ചെയ്യുക.
8 സഹകരണ മേഖല വികസിപ്പിക്കുക
9 സാമുദായിക ഐക്യം മെച്ചപ്പെടുത്തുക.
10 വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശിക- മായി വിഭവ സമാഹരണം നടത്തുക.
11 ദുർബല വിഭാഗങ്ങൾക്കിടയില് നിയമ ബോധവത്കരണം പ്രചരപ്പിക്കുക.
12 സാമ്പത്തിക കുറ്റങ്ങൾക്കെതിരെ പ്രചാരണം നടത്തുക.
13 പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിയ്ക്കുക.
14 പൗരധർമ്മത്തെപ്പറ്റി ബോധവത്കരണം നടത്തുക.

സി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ.

I. കൃഷി

(1) തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുക.
(2) ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക.
(3) മണ്ണ് സംരക്ഷണം
(4) ജൈവവള ഉൽപാദനം.
(5) തവാരണാങ്ങൾ സ്ഥാപക്കുക
(6) സഹകരണ-കൂട്ടുകൃഷി സമ്പ്രദായം പ്രോർസാഹിപ്പിക്കുക.
(7) കൃഷിക്കാർക്കിടയില് സ്വാശ്രയ സംഘങ്ങള് രൂപീകരിക്കുക.
(8) ഉദ്യാന കൃഷിയും പച്ചക്കറി കൃഷിയും പ്രോൽസാഹിപ്പിക്കുക.
(9) കാലിത്തീറ്റ വിള വികസനം.
(10) സസ്യ സംരക്ഷണം.
(11) വിത്തുൽപ്പാദനം.

(12) കൃഷിയിടങ്ങളുടെ യന്ത്രവൽക്കരണം.
(13)കൃഷിഭവനുകളുടെ നടത്തിപ്പ്.

II മൃഗസംരക്ഷണവും ക്ഷീരോല്പാദനവും

(1) കന്നുകാലി വികസന പരിപാടികൾ
(2) ക്ഷീരോല്പാദനം.
(3) കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തുക.
(4) മൃഗാശുപത്രികൾ നടത്തുക.
(5) ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ നടത്തുക
(6) മൃഗങ്ങൾക്കായുള്ള പ്രതിർരോധ ആരോഗ്യ പരിപാടികൾ.
(7) മൃഗങ്ങളോടുള്ള ക്രൂരത തടയുക.
(8) പ്രത്യുല്പാദന ക്ഷമതാ വികസന പരിപാടികള് നടപ്പാക്കുക.
(9) മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക.

III ചെറുകിട ജനസേചനം.

(1) ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്ത് വരുന്ന എല്ലാ ചെറുകിട ജലസേചന പദ്ധതികളും പരിപാലിക്കുകയും നടപ്പാക്കുകയും ചെയ്യുക
(2) എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക
.(3) ജലസംരക്ഷണം പ്രാവർത്തികമാക്കുക.

IV മത്സ്യബന്ധനം

(1) കുളത്തിലെ മത്സ്യ സമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലേയും ക്ഷാരജലത്തിലേയും മീൻ വളർത്തലും സമുദ്ര വിഭവ വികസനവും നടപ്പാക്കുക.
(2) മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക.
(3) മീൻപിടുത്തത്തിനുള്ള ഉപകരണങ്ങള് വിതരണം ചെയ്യുക.
(4) മത്സ്യവിപണനത്തിനുള്ള സഹായം നൽകുക.
(5) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങള് നൽകുക.
(6) മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികള് നടപ്പാക്കുക.

V സാമൂഹ്യ വനവൽക്കരണം.

(1) കാലിത്തീറ്റയ്ക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫവവൃക്ഷങ്ങളും ഉല്പാദിപ്പിക്കുക.
(2) വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിനുമായി പ്രചരണങ്ങൾ സംഘടിപ്പിക്കുക.
(3) പാഴ്ഭൂമിയെ വനവൽക്കരിക്കുക.

VI ചെറുകിട വ്യവസായങ്ങൾ

(1) കുടിൽ-ഗ്രാമീണ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക.
(2) കൈത്തൊഴിലുകൾ പ്രോൽസാഹിപ്പിക്കുക.
(3) പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ വികസിപ്പിക്കുക.

VII ഭവന നിർമ്മാണം

(1) ഭവനരഹിതരേയും പുറമ്പോക്ക് നിവാസികളേയും കണ്ടെത്തി ഭവനനിർമ്മാണത്തിനായി ഭൂമിയും, ഭവനങ്ങളും നൽകുക.
(2) ഗ്രാമീണ ഭവനനിർമ്മാണ പദ്ധതികള് നടപ്പാക്കുക.
(3) അഭയ കേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക.

VIII ജലവിതരണം

(1) ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്.
(2) ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക.

IX വിദ്യുച്ഛക്തിയും ഊർജ്ജവും

(1) നിരത്തുകളിൽ വിളക്കുകള് സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.
(2) ജൈവ വാതകത്തിന്റ ഉപഭോഗം പ്രോൽസാഹിപ്പിക്കുക.

X വിദ്യാഭ്യാസം

(1) സർക്കാര് പ്രീ-പ്രൈമിറ സ്കൂളുകളുടേയും പ്രൈമിറ സ്കൂളുകളുടേയും നടത്തിപ്പ്.
(2) സാക്ഷരതാ പരിപാടികൾ നടപ്പാക്കുക.
(3) വായനശാലകളുടേയും, ഗ്രന്ഥശാലകളുടേയും നടത്തിപ്പും പ്രോൽസാഹനവും.

XI പൊതുമരാമത്ത്

(1) ഒരു ഗ്രാമപഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.
(2) സർക്കാരില് നിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെയുള്ള ഉള്ള സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള കെട്ടിട നിർമ്മാണം നടത്തുക.

XII പൊതുജനാരോഗ്യവും ശുചീകരണവും

(1) ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിൽസാ സമ്പ്രദായ ങ്ങളിലുംപെടുന്നവ) നടത്തുക.
(2) മാതൃ-ശിശുക്ഷേമ കേന്ദ്രങ്ങൾ നടത്തുക.

(3) രോഗവിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടത്തുക.
(4) കുടുംബക്ഷേമ പ്രവർത്തനങ്ങള് നടപ്പാക്കുക.
(5) ശുചീകരണ പ്രവർത്തനങ്ങള് നടപ്പാക്കുക.

XIII സാമൂഹ്യക്ഷേമം
(1) അംഗൻവാടികള് നടത്തുക.
(2) അഗതികൾക്കും, വിധവകൾക്കും, വികലാംഗർക്കും കർഷകതൊഴിലാളികൾക്കുമുള്ള പെൻഷന് അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
(3 )തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.

(4) വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക.
(5) ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

(6) ( അാലിറലറ യ്യ ഛ്യൃറശിമിരല ചഛ. 18 ീള 2015)

XIV ദാരിദ്ര്യ നിർമ്മാർജ്ജനം
(1) ദരിദ്രരെ കണ്ടെത്തുക
(2) പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക്, സ്വയംതൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റും പദ്ധതികൾ നടപ്പാക്കുക.
(3) പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടത്തക്ക തരത്തിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക.

XV പട്ടികജാതി-പട്ടികവർഗ്ഗ വികസനം.
(1) എസ്.സി.പി., റ്റി.എസ്.പി. ഇവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക.
(2) പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി നഴ്സറി സ്കൂളുകള് നടത്തുക.
(3) പട്ടികജാതി-പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളില് അടിസ്ഥാന സൗകര്യങ്ങള് ഏർപ്പെടുത്തുക.
(4) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക.
(5) പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് ആവശ്യമുള്ളപ്പോള് വിവേചനാധിഷ്ഠിത സഹായം നൽകുക.

XVI കായികവിനോദവും സാംസ്കാരിക കാര്യങ്ങളും
(1) കളിസ്ഥലങ്ങൾ നിർമ്മിക്കുക.
(2) സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കൽ.

XVII പൊതുവിതരണ സമ്പ്രദായം

(1) പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങള് കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക.

(2) അളവു-തൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരായി പ്രചാരണം സംഘടിപ്പിക്കുക.

(3) റേഷൻ കടകളുടേയും മാവേലി സ്റ്റോറുകളുടേയും നീതി സ്റ്റോറുകളുടേയും മറ്റ് പൊതുവിതരണ സമ്പ്രദായങ്ങളുടേയും പൊതുവായ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും, ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

XVIII പ്രകൃതിക്ഷോഭ ദുരിതാശ്വാസം

(1) ദുരിതാശ്വാസ കേന്ദ്രങ്ങൾ പരിപാലിക്കുക.

(2) പ്രകൃതി ക്ഷോഭവുമായി ബന്ധപ്പെട്ട പണികള് നടത്തുക. ആസ്തികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്ന ജോലി അതതു പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതാണ്.

XIX സഹകരണം

(1) ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളില് സഹകരണ സംഘങ്ങള് സംഘടിപ്പിക്കുക.

(2) നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

2) കേരളാ പഞ്ചായത്ത് രാജ് ആക്ട് - 1994 സെക്ഷന് 213 (2) (എ)

---

(1) പഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള കരാര് അനുസരിച്ച് തിരിച്ചുകൊടുക്കേണ്ട കടങ്ങൾ സംബന്ധിച്ച് തുക ചെലവഴിക്കാനും ഇ.എം.എസ്. ഭവന പദ്ധതി, ബാങ്ക് വായ്പ, ആർ.ഡി.ബി. ലോൺ, നബാർഡ് വായ്പ മുതലായവ ഉദാഹരണം ബജറ്റ് വകയിരുത്തൽ ഉണ്ടായിരിക്കണം

(2) വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിനും ഉൾപ്പെടെയുള്ള തെരഞ്ഞെടുപ്പ് ചെലവുകൾക്ക് തുക ചെലവഴിക്കാനും

(3) ഉദ്യോഗസ്ഥരുടെ ശമ്പളം, അലവൻസ്, പെൻഷന്, പെൻഷന് കോൺട്രിബ്യൂഷന്, ഗ്രാറ്റ്വിവിറ്റി, പ്രൊവിഡന്റ് ഫണ്ട്, അംശാദായങ്ങൾ എന്നിവയ്ക്കും ജനപ്രതിനിധികൾക്ക് കൊടുക്കാനുള്ളതായ ബത്തകള് നൽകുന്നതിനും തുക ചെലവഴിക്കാനും

(4) ഏതെങ്കിലും കോടതിവിധി പ്രകാരമുള്ള തുക അടയ്ക്കുന്നതിന് ഫണ്ട് ചെലവഴിയ്ക്കാനും.

(5) പഞ്ചായത്ത് രാജ് ആക്ടിനാലോ മറ്റേതെങ്കിലും നിയമത്താലോ നിർബന്ധമാക്കിയ ചെലവുകള് നിർവ്വഹിക്കാനും

(6) ഓഡിറ്റ് ഫീസിന് വേണ്ടതായ തുക നൽകാനും ഏതൊരു ഗ്രാമപഞ്ചായത്തും വ്യവസ്ഥ ചെയ്യേണ്ടതാണ്. ഓഡിറ്റ് ഫീസ് ഒഴിവാക്കിയിട്ടുണ്ട്.

*********************************************************************************************************
**********************

3) കേരളാ പഞ്ചായത്ത് രാജ് ആക്ട് - 1994 സെക്ഷന് 213 (3)

----------------------------------------------------------------------------------------------------------------------------

ഇന്ത്യയുടെ പ്രതിരോധത്തിനുവേണ്ടിയുള്ള ഏതെങ്കിലും ഫണ്ടിലേയ്ക്ക് സംഭാവന നൽകാവുന്നതാണ്.

*********************************************************************************************************
*******************

(4) കേരളാ പഞ്ചായത്ത് രാജ് ആക്ട് - 1994 സെക്ഷന് 213 (4) .

അസാധാരണ ചെലവുകൾ. 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ ചട്ടങ്ങൾ )

പഞ്ചായത്തിന്റെ ഭൂരിപക്ഷ തീരുമാനം ഉണ്ടെങ്കില് (പകുതിയിൽ കുറയാത്ത അംഗങ്ങളുടെ പിൻതുണ)

(1) ഏതെങ്കിലും പഞ്ചായത്ത് സമ്മേളനം, പഞ്ചായത്ത് സംഘടന എന്നിവയുടെ ചെലവിലേയ്ക്കായി സംഭാവന നൽകാം

(2) ഏതെങ്കിലും പ്രമുഖ വ്യക്തികളുടെ സ്വീകരണം/പൊതു പ്രദർശനം/ആഘോഷം/വിനോദം എന്നിവയ്ക്കുള്ള ചെലവിലേയ്ക്ക് ഏതെങ്കിലും സംഭാവന നൽകാം. കൂടാതെ ആക്ടിലോ അതിൻ കീഴിലുള്ള ചട്ടങ്ങളിലോ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും കാര്യത്തിനുവേണ്ടി ഫണ്ട് ചെലവഴിക്കാം.

( ഈ ഉപവകുപ്പ് പ്രകാരമുള്ള മൊത്തം വാർഷിക ചെലവ് സർക്കാര് നിർദ്ദേശിക്കുന്ന പരിധിയെ അധികരിക്കാന് പാടുള്ളതല്ല.

*********************************************************************************************************
**********************

5. എ്വ.ഛ.(ങട) 58/06/ഘടഎ്വ ഉറേ. 16.02.2006

കേരള പഞ്ചായത്ത് രാജ് ആക്ട് 213(4) ഉപവകുപ്പിലെ ക്ലിപ്ത നിബന്ധന അനുസരരിച്ച് ചെലവുകൾ ചെയ്യുന്ന കാര്യത്തില് പ്രത്യേക പരിധി/ പൊതുപരിധി/ നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ആയിട്ടില്ലാത്ത സാഹചര്യത്തില് ഗ്രാമ പഞ്ചായത്തുകൾക്ക് ഇനി പറയുന്ന 'അസാധാരണ ചെലവുകൾ 'ക്ക് തനത് വരുമാനത്തിേ◌ലുള്ള മിച്ച ഫണ്ടിന്റെ 20% വരെയും എന്നാല് ഒരു ലക്ഷം രൂപയിൽ കവിയാതെയും വഹിക്കുന്നതിന് വാർഷിക പരിധി നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. (ചട്ടം 4 )

അനുവദനീയമായ അസാധാരണ ചെലവുകൾ (ചട്ടം- 3)

(3) കലാ-സാംസ്കാരിക മത്സരങ്ങളും കായികവിനോദവും.
(4) വിജയികൾക്കുള്ള സമ്മാനദാനം
(5) പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകള്

(5) പഞ്ചായത്തിന് പങ്കാളിത്തമുള്ള ചികിത്സാക്യാമ്പ്, സൗജന്യ ചികിത്സാ പദ്ധതികൾ.
(7) നിയമസഹായസമിതി സംഘിപ്പിക്കുന്ന നിയമസഹായ സാക്ഷരതാ ക്യാമ്പുകൾ.
(8) കലാ സാംസ്കാരിക പ്രദർശനങ്ങള്
(9) പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനങ്ങൾ
(10) നെഹ്റു യുവകേന്ദ്ര/എൻ.എസ്.എസ്. എന്നിവ സംഘടിപ്പിക്കുന്ന പരിപാടികൾ
(11) പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ പരിസ്ഥിതി ക്ലബ്ബുകളും ആസൂത്രണ സംഘടനകളുംവിദ്യാഭ്യാസ
സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടികൾ.
(12) സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്ന മറ്റ് ചടങ്ങുകള്
(13) പ്രകൃതിക്ഷോഭത്തെ തുടർന്ന് അനിവാര്യമാകുന്ന അടിയന്തിര ദുരിതാശ്വാസ നടപടികൾ
(14) ആക്ടിലോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും കാര്യങ്ങൾക്ക്.

ബാധകമായ മറ്റ് വ്യവസ്ഥകൾ

(1) തനത് ഫണ്ടിേലുള്ള മിച്ച ഫണ്ട്:- ജനറല് പർപ്പസ് ഗ്രാന്റ് ഉൾപ്പെടുന്നതും എന്നാൽ ശമ്പളം, അലവൻസുകള്, മറ്റ് പ്രതിഫലം, കറണ്ട് ചാർജ്ജ്, വെള്ളക്കരം ഓഫീസ് ചെലവുകൾ, ഖരമാലിന്യ നിർമ്മാർജ്ജന ചെലവുകള് എന്നിവ ഒഴിവാക്കേണ്ടതാണ്.
(2) മുൻ വർഷത്തിലെ തനത് വരവ് ചെലവുകളുടെ അടിസ്ഥാനത്തിലായിരിക്കണം മിച്ച ഫണ്ട് കണക്കാക്കുവാന്.
(3) വ്യക്തികൾക്കും സംഘടനകൾക്കും പണമായി സഹായം നൽകൽ/നിയമാനുസൃതമല്ലാത്ത പരസ്യ ചെലവുകൾ
നൽകൽ/മതി-രാഷ്ട്രീയ-തൊഴിലാളി സംഘടനകളുടെ പരിപാടികൾക്ക് ചെലവ് ചെയ്യൽ എന്നിവ അനുവദനീ
യമല്ല.
(4) അസാധാരണ ചെലവിനങ്ങൾക്കായി പ്രത്യേക രജിസ്റ്റര് എഴുതി സൂക്ഷിക്കണം.
(5) ഈയിനങ്ങളിൽ ധനസഹായം സ്വീകരിക്കുന്നവര് അവയുടെ ചെലവ് സംബന്ധിച്ച
രേഖകൾ എഴുതി 3 വർഷം വരെ സൂക്ഷിക്കേണ്ടതാണ്.
(6) ലോക്കൽ ഫണ്ട്/പെർഫോമൻസ് ഓഡിറ്റർമാര് ഇതു സംബന്ധിച്ച ചെലവുകള് 100%-ഉം ഓഡിറ്റ് ചെയ്യേണ്ടതാണ്.
(7) അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമസഭകളിലും അവതരിപ്പിക്കേണ്ടതാണ്.

---

6. കേരളാ പഞ്ചായത്ത് രാജ് ആക്ട് - 1994 സെക്ഷന് 156(4) (ബി)

സർക്കാര് അതാത് സമയം നിശ്ചയിച്ചേക്കാവുന്ന പരിധിയ്ക്ക് വിധേയമായി കണ്ടിജന്റ് ചെലവുകള് പഞ്ചായത്ത് പ്രസിഡന്റിന് ചെയ്യാം

(1) ചെലവു പരിധി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് 5,000/- രൂപയായി നിശ്ചയിച്ചു. GO(MS) 18/97/LSGD Dt 18-01-97
(2) അനുവദനീയമായ കണ്ടിജന്റ് ചെലവിനങ്ങള് നിശ്ചയിച്ചു. ഉത്തരവ് GO(MS) 107/98/LSGD Dt:27.05.98
(3) കണ്ടിജന്റ് ചെലവുകളുടെ പരിധി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ഒരു പ്രാവശ്യം 5,000/- രൂപയും
പ്രതിമാസം 10,000/- രൂപയുമായി നിജപ്പെടുത്തി. GO(MS) 271/2004/LSGD Dt 14.09.04

(1) ഔദ്യോഗിക പത്രപരസ്യങ്ങൾ-ടെണ്ടർ-ക്വട്ടേഷൻ നോട്ടീസ് മുതലായവ ബാധകമായ നിബന്ധനകൾ:
(2) സൈക്കിളുകൾ വാങ്ങല്, കേടുപാടുകള് തീർക്കല് (1) ബജറ്റിൽ ആവശ്യമായ ഫണ്ട്
വകയിരുത്തൽ (2) സെക്രട്ടറി തൊട്ടടുത്ത പഞ്ചായത്ത് യോഗത്തിൽ വിവരം അറിയിക്കണം (3) പ്രൊക്യുർമെന്റു മാന്വല് നിബന്ധനകൾ ബാധകമാണ്.
(3) പുസ്തകങ്ങളും ആനുകാലികങ്ങളും ബൈൻഡ് ചെയ്യല്
(4) ഓഫീസ് ഉപയോഗത്തിനുള്ള പുസ്തകങ്ങൾ വാങ്ങല്
(5) ക്ലോക്കുകള് വാങ്ങലും കേടുപാടുകൾ തീർക്കലും
(6) മണി ഓർഡര് കമ്മീഷനും പാഴ്സല് ചാർജ്ജും
(7) വാഹന വാടക
(8) ഡമറേജ് ചാർജ്ജ്
(9) ബൾബുകള്, ട്യൂബുകള് സ്ഥാപിക്കല്
(10) വൈദ്യുതി, വെള്ളം ചാർജ്ജുകള്
(11) ഓഫീസ് ഉപകരണങ്ങള് വാങ്ങലും അവയുടെ കേടുപാടകള് തീർക്കലും
(12) ഫോറങ്ങളും രജിസ്റ്ററുകളും വാങ്ങലും അച്ചടിപ്പിക്കലും
(13) ഓഫീസ് ഫർണിച്ചറുകള് വാങ്ങലും അച്ചടിപ്പിക്കലും
(14) അയൺസേഫ് വാങ്ങലും അറ്റകുറ്റപ്പണികളും
(15) ഭൂപടങ്ങൾ, പ്ലാനുകള്, ചാർട്ടുകള്, രേഖാചിത്രങ്ങള് തുടങ്ങിയവ തയ്യാറാക്കൽ
(16) നോട്ടീസ് ബോർഡുകളും നെയിം ബോർഡുകളും സ്ഥാപിച്ച് സംരക്ഷിക്കല്
(17) പാഡ്ലോക്കുകളും പൂട്ടുകളും മറ്റും വാങ്ങലും കേടുപാടുകൾ തീർക്കലും
(18) സ്വീപ്പിംഗ് ചാർജ്ജ്
(19) ആനുകാലികങ്ങളും പത്രങ്ങളും വാങ്ങൽ
(20) മഹാത്മാഗാന്ധിയുടെയും രാഷ്ട്രപതിയുടെയും പ്രധാനമന്ത്രിയുടെയും ഛായാപടങ്ങൾ സ്ഥാപിക്കല്
(21) പോസ്റ്റൽ ചാർജ്ജ്
(22) അച്ചടി ചാർജ്ജ്
(23) കെട്ടിട വാടക
(24) ശുചീകരണ ഉപകരണങ്ങൾ

(25) റബ്ബർ സ്റ്റാമ്പുകള്
(26) സ്റ്റേഷനറി സാധനങ്ങൾ
(27) പാത്രങ്ങൾ വാങ്ങല്
(28) ടെലിഗ്രാം-ടെലിഫാക്സ്-ടെലിഫോൺ ചാർജ്ജ്
(29) നോട്ടീസ് ഉച്ചഭാഷിണി എന്നിവ മുഖേനയുള്ള പരസ്യങ്ങൾ
(30) ട്രാൻസ്പോർട്ട് ചാർജ്ജ്
(31) ടൈപ്പിംഗ്, ഫോട്ടോ കോപ്പിയിംഗ് ചാർജ്ജ്
(32) ജീവനക്കാരുടെ യൂണിഫോം തുണി വാങ്ങൽ
(33) വാഹനങ്ങൾക്കുള്ള ഇന്ധനം വാങ്ങല്
(34) വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തല്
(35) അലക്കുകൂലി
(36) കമ്മിറ്റി യോഗങ്ങളിൽ ലഘുഭക്ഷണം നൽകൽ.

7. കേരള പഞ്ചായത്ത് രാജ് ആക്ട് - സെക്ഷന് 156 (5)

പൊതുജനരക്ഷയ്ക്ക് അടിയന്തിരമായി നടത്തേണ്ട പണികൾ നടത്താനും അതിനുള്ള ചെലവ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകാനും നിർദ്ദേശം നൽകുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന് അധികാരമുണ്ട്.

ബാധകമായ നിബന്ധനകൾ

(1) പഞ്ചായത്ത് നിരോധിച്ച പ്രവൃത്തി നടത്തരുത്
(2) തൊട്ടടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ റിപ്പോർട്ട് ചെയ്ത് അംഗീകാരം ലഭ്യമാക്കണം

(അവലംബം : 1994 -ലെ കേരള പഞ്ചായത്ത് രാജ്
ആക്ടും ചട്ടങ്ങളും)

പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി